**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329** **19-09-2025 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ബൈപ്പാസിന്റെയും, കുണ്ടന്നൂർ ബൈപ്പാസിന്റെയും നിലവിലെ അവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ അങ്കമാലി ബൈപ്പാസിന്റെയും, അങ്കമാലി-കരയാമ്പറമ്പ് നിന്നും ആരംഭിക്കുന്ന കുണ്ടന്നൂർ ബൈപ്പാസിന്റെയും നിലവിലെ അവസ്ഥ വിശദമാക്കാമോ; ടി പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ പദ്ധതി നിർവ്വഹണ സ്ഥാപനമായി നിയമിച്ചുകൊണ്ട് അങ്കമാലി ബൈപ്പാസിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിശദപദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും പദ്ധതി നിർവ്വഹണത്തിന് 190.16 കോടി രൂപ അനുവദിക്കുകയും ചെയ്തു. നിലവിൽ എറണാകുളം, സ്പെഷ്യൽ തഹസിൽദാർ(കിഫ്ബി, എൽ.എ.) എറണാകുളം കാര്യാലയം മുഖേന ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാകും.<br><br>അങ്കമാലി -കുണ്ടന്നൂർ ബൈപാസ് നിർമാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3 എ നോട്ടിഫിക്കേഷൻ 29.08.2024 ൽ പുറപ്പെടുവിച്ചിരുന്നു. നിലവിൽ കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ അനുമതിക്ക് വിധേയമായി പുതുക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട് |
| (ബി) | കുണ്ടന്നൂർ ബൈപ്പാസ് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കാത്തതിന്റെ കാരണം വിശദമാക്കാമോ; കുണ്ടന്നൂർ ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | അങ്കമാലി -കുണ്ടന്നൂർ കേന്ദ്രഉപരിതല ഗതാഗത വകുപ്പ് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് . ഇതിന് അനുമതി നൽകേണ്ടത് കേന്ദ്രഉപരിതല ഗതാഗത വകുപ്പാണ്. പദ്ധതി നടപ്പാക്കുന്നതിനായി ദേശീയപാത അതോറിറ്റി മുന്നോട്ട് വച്ച വ്യവസ്ഥകൾ സംസ്ഥാനം അംഗീകരിക്കുകയും, നിർമ്മാണവസ്തുക്കളുടെ ചരക്കുസേവന നികുതിയിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ ഒഴിവാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രഉപരിതല ഗതാഗത |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രിയുമായി നടത്തിയ യോഗത്തിൽ ദേശീയപാത 544 ന് അനുമതി നൽകുന്ന വിഷയം ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ